# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.14/1956/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/10/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 07/10/2025
കെ.എസ്.എ.എം.പി.എം.14/1956/25

## മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 24-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 24-07-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു

ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2025 | 02-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2025 | 02-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധു.ഐ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ആലസ്സൻ കുട്ടി.യു, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിജീഷ് മോഹൻ, ഓഡിറ്റർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഹാജറ കുണ്ടിൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ബിസിലി ബിന്ദു ടി.എസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബീന എൻ.പി | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. മുഹ്സിന എം.കെ | കൃഷി ഓഫീസർ | 01-04-2024 | 01-05-2024 |
| ശ്രീമതി.റിഷ്ല | കൃഷി ഓഫീസർ | 02-05-2024 | 20-06-2024 |
| ശ്രീമതി. മുഹ്സിന എം.കെ | കൃഷി ഓഫീസർ | 21-06-2024 | 31-03-2025 |
| ശ്രീ. ഐസക് ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. സബീന കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ.ടിജി ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. മിൻഷ. എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ.സിന്ധുലത | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2024 | 02-02-2025 |
| ഡോ.ഉമ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 03-02-2025 | 31-03-2025 |
| ഡോ.സമീറ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീമതി. വിദ്യ. ഐ | വി.ഇ.ഒ | 01-04-2024 | 30-09-2024 |
| ശ്രീ.ഗോകുൽ | വി.ഇ.ഒ | 01-10-2024 | 07-02-2025 |
| ശ്രീമതി. കാവ്യ എസ് | വി.ഇ.ഒ | 08-02-2025 | 31-03-2025 |
| ഡോ. ലാൻസ്ലെറ്റ് തോമസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 07-08-2024 |
| ഡോ.അൻവർ പരവേങ്ങൽ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 08-08-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ബാങ്കിൽ വരവ് ക്രെഡിറ്റ് ആയിട്ടില്ല | 1-1-2 |
| 4 | ബാങ്കിൽ നിന്ന് ഡെബിറ്റ് ചെയ്ത തുകയുടെ വിശദാംശം ലഭ്യമല്ല. | 1-1-3 |
| 5 | രജിസ്റ്ററിലെ വരവും വാർഷിക കണക്കിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | എല്ലാ രേഖകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ക്യാഷ് ഫ്ളോ പത്രികയിലെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ജലജീവൻ മിഷൻ പദ്ധതി | 1-11 |
| 18 | ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട അവലോകനം | 1-12 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 20 | അഡ്വാൻസ് നൽകിയ പ്രവർത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. | 1-14 |

| | | |
|---|---|---|
| 21 | കരാർ പ്രകാരമുള്ള ഫർണിച്ചറുകളല്ല വിതരണം ചെയ്തിട്ടുള്ളത് | 1-15 |
| 22 | സ്കോളർഷിപ്പ് അനുവദിച്ചതിലെ അപാകതകൾ | 1-16 |
| 23 | ബയോബിൻ വിതരണം-ജിയോ ടാഗ് പതിപ്പിക്കൽ പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 24 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 25 | മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല | 1-19 |
| 26 | SSK വിഹിതം നൽകൽ -വിശദമായ വിനിയോഗ വിവരം ലഭ്യമല്ല | 1-20 |
| 27 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 28 | വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതണം- സർക്കാർ ഉത്തരവുകൾ പാലിച്ചില്ല | 1-22 |
| 29 | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-23 |
| 30 | വസ്തുനികുതി പരിഷ്കരണം കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഏജൻസിക്ക് തുക കൈമാറൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-24 |
| 31 | വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ്- വിനിയോഗ വിവരം ലഭ്യമല്ല | 1-25 |
| 32 | ഡിജിറ്റൽ ലിറ്ററസി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 33 | അഡ്വാൻസ് ക്രമീകരിച്ചില്ല. | 1-27 |
| 34 | തെരുവ് വിളക്കുകളുടെ റിപ്പയർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 35 | സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ | 1-29 |
| 36 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-30 |
| 37 | സ്കൂളിൽ സോക്ക് പിറ്റ് നിർമ്മാണം - അപാകത | 1-31 |
| 38 | അങ്കണവാടികളിൽ സോക്ക് പിറ്റ് നിർമ്മാണം - അപാകതകൾ | 1-32 |
| 39 | രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സിൽ സീവറേജ് പ്ലാന്റ് നിർമ്മാണം- അപാകതകൾ | 1-33 |
| 40 | കാഴ്ച പരിമിതർക്ക് ലാപ്ടോപ് നൽകൽ-അപാകതകൾ | 1-34 |
| 41 | നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 1-35 |

| | | |
|---|---|---|
| 42 | നൂതന പദ്ധതി നടത്തിപ്പിൽ അപാകത | 1-36 |
| 43 | ഐ.ഇ.സി ബോർഡുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-37 |
| 44 | അനുവദിക്കാവുന്ന നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഹെൽത്ത് ഗ്രാന്റിനായി പഞ്ചാബ് നാഷനൽ ബാങ്കിൽ (A/C NO: 4356000100137323) അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിവരം വാർഷിക കണക്കിൽ RP 40(A) ലും RP 40(B) യിലുംഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.06.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 17.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ** (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം : മലപ്പുറം
തീയതി : 07-10-2025

## 1-1-2 ബാങ്കിൽ വരവ് ക്രെഡിറ്റ് ആയിട്ടില്ല

എസ്.ബി.ഐ ഇ പേ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം (A/C NO: 67378063768) 22.05.2023 ന് 565/- രൂപയുടേയും 08.11.2023 ന് 313/- രൂപയുടേയും വരവ് ഉണ്ടെങ്കിലും നാളിത് വരെ ആയത് ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല

## 1-1-3 ബാങ്കിൽ നിന്ന് ഡെബിറ്റ് ചെയ്ത തുകയുടെ വിശദാംശം ലഭ്യമല്ല.

എസ്.ബി.ഐ ഇ പേ അക്കൗണ്ടിൽ (A/C NO: 67378063768) നിന്ന് 23.11.2022ന് 621 രൂപയും 04.12.2022 ന് 240/- യും ഡയറക്ടിലി ഡെബിറ്റ് ചെയ്തിട്ടുണ്ട്. ആയവ ഇനം തിരിച്ച് ബാങ്ക് ബുക്കിലേക്ക് ചേർത്തിട്ടില്ല.

## 1-1-4 രജിസ്റ്ററിലെ വരവും വാർഷിക കണക്കിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഫാക്ടിയോസ് ലൈസൻസ് രജിസ്റ്റർ പ്രകാരം തൻ വർഷം ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുള്ളത് 60050/- രൂപയാണ്. എന്നാൽ മുൻ വർഷത്തെ വാർഷിക കണക്കിലെ RP-35 പ്രകാരം ഈ ഇനത്തിൽ ലഭ്യമായിട്ടുള്ളത് 61550/- രൂപയാണ്. മുൻ വർഷത്തേയും തൻ വർഷത്തേയും വാർഷിക കണക്കിൽ B-15 പ്രകാരം ഈ ഇനത്തിൽ ബാലൻസ് ഒന്നും ഇല്ല.

## 1-1-5 എല്ലാ രേഖകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-6 ക്യാഷ് ഫ്ളോ പത്രികയിലെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 15358632/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 14874944 /-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി | (പുതുക്കിയത്) തീരുമാന നമ്പർ/ തിയ്യതി |
|---|---|
| 09.02.2024-ലെ 1(1) നം. തീരുമാനം | 05.03.2025-ലെ 3(1) നം. തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 47918595 |
| വരവ് | 60279106 |
| ആകെ | 108197701 |
| ചെലവ് | 45404162 |
| നീക്കിയിരിപ്പ് | 62793539 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15245261 | 15245261 | 15245261 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1101000 | 1101000 | 1101000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10910000 | 10910000 | 10717591 | 192409 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3867000 | 3867000 | 3365088 | 501912 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 8152034 | 8152034 | 1456261 | 6695773 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | 0 | 2853499 | 2853499 | 1721566 | 1131933 |
| ബി ഫണ്ട് | 0 | 46678500 | 46678500 | 46678500 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 200 | 117044019 | 148 | 51337379 | - | 52 | 74% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 87807 | 911087 | 998894 | 895179 | 103715 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8158370 | 8158370 | 8158370 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി വേതനം | 761600 | 43 |
| വിധവാ പെൻഷൻ | 13946200 | 896 |
| വാർദ്ധക്യകാല പെൻഷൻ | 26778800 | 1770 |
| വികലാംഗ പെൻഷൻ | 5013900 | 318 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 88000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2025 ന് 04:52 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1500/- രൂപയുടെ ക്യാഷ് ബാലൻസ് ഉള്ളതായി കാണുകയും ആയതിന്റെ കൃത്യത ബോധ്യപ്പെടുകയും ചെയ്തു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. 2024-25 വർഷത്തിൽ കൃഷി ഓഫീസർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (ആയുർവേദം), ഐ.സി.ഡി.എസ് എന്നീ നിർവഹണ ഉദ്യോഗസ്ഥർക്ക് അംഗീകരിച്ച പദ്ധതികൾ മുഴുവനായും നിർവഹണം നടത്തിയിട്ടുണ്ട്.

2. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രത്യേക ഖണ്ഡിക പരാമർശിച്ചിട്ടുണ്ട് (ഖ.1.14)

3. വാങ്ങലുകളിൽ പ്രൊക്യൂവർമെന്റ് മാനവൽ (GO(P)No.259/2010/LSGD Dtd.8.11.2010) പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചിട്ടില്ല.

4. രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സിൽ സീവറേജ് പ്ലാന്റ് നിർമ്മാണം പദ്ധതിയിൽ Operations And Maintenance ന് തുടർ വർഷങ്ങളിൽ പ്രതിമാസം 10,000 രൂപ നിരക്കിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഇതിൻമേൽ കൃത്യമായ മോണിറ്ററിംഗ് ആവശ്യമാണ്. Operations And Maintenance ന്റെ ഭാഗമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിക്കേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ പ്രത്യേക

ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്. (ഖ.1-34)വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതണത്തിൽ സർക്കാർ ഉത്തരവുകൾ പാലിച്ചില്ല

6. തെരുവ് വിളക്കുകളുടെ റിപ്പയർ പദ്ധതി നടത്തിപ്പിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. (ഖ.1-29)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/09/2022 | 01/01/2022 മുതൽ 31/08/2022 വരെ | 20/09/2022 |
| എ.ജി. ഓഡിറ്റ് | 31/05/2010 | 2005-06 മുതൽ 2009-10 വരെ | 12-07-2010 |

## 1-11 ജലജീവൻ മിഷൻ പദ്ധതി

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. . സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്കായി നൽകിയ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ ഗ്രാമ പഞ്ചായത്ത് 15% തദ്ദേശവിഹിതം കൈമാറിയിട്ടില്ല .

2) നാളിതുവരെ ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചെടുക്കുകയോ നിർവ്വഹണ ഏജൻസിക്കു കൈമാറുകയോ ചെയ്തിട്ടില്ല.

3)ഗ്രാമ പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ജൽജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ ഗ്രാമ പഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല.

4) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

മറ്റു വിവരങ്ങൾ

പൊൻമുണ്ടം ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ടത് Welfare Services Ponnurunni Ernakulam എന്ന സ്ഥാപനമാണ്. ജൽജീവൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പൂർത്തീകരണത്തിനുമായി ഗ്രാമപഞ്ചായത്ത് Implementation Support Agency(ISA) യുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികളുമായി ത്രികക്ഷി കരാറിൽ (ഗ്രാമപഞ്ചായത്ത്, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ-DWSM, ISA) ഏർപ്പെടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.10.2021ലെയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം ന്റെ 30.01.2023ലെ ADP-MPM/76/2021-A3 നമ്പർ കത്തുകളിലൂടെ നിർദ്ദേശിക്കുകയും 09.02.2022 ന് 10/2021-22 നമ്പർ പ്രകാരം ടി സ്ഥാപനവുമായി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 1/25/7/25 ന് നൽകിയ മറുപടിയിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ് എന്ന് അറിയിച്ചു. ജലജീവൻ പദ്ധതി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും ഓഡിറ്റ് എൻക്വയറി നമ്പർ. 02/26-07-2025 ന് നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| | |

| | |
|---|---|
| സ്കീം-3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം-4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ലഭിച്ച** ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHC | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 | 0 |
| 2023-24 | 0 | 1620442 | 1196000 | 2816442 |
| 2024-25 | 0 | 0 | 0 | 0 |
| ആകെ | 0 | 1620442 | 1196000 | 2816442 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ചെലവഴിച്ച** തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2021-22 | 0 | | | |
| 2022-23 | 0 | | | |
| 2023-24 | 0 | 0 | 0 | 0 |
| 2024-25 | 0 | 969819 | 584000 | 0 |
| ആകെ | 0 | 969819 | 584000 | 1553819 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **നീക്കിയിരിപ്പുള്ള** തുകയുടെ വിവരങ്ങൾ -

| | സ്കീം -1 | സ്കീം - 3 | സ്കീം - 4 |
|---|---|---|---|
| നീക്കിയിരിപ്പ് | 0 | 650623 | 612000 |
| പലിശ | 0 | 56924 | 29247 |
| ആകെ | 0 | 707547 | 641247 |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2024-25 | 203/2022– രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 320447 |
| | 200/2022 – സബ്സെന്ററുകൾക്ക് ഹെൽത്ത് ആന്റ് വെൽനസ്സ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 199960 |
| 2024-25 | 202/2023 -രോഗ നിർണ്ണയ സൗകര്യങ്ങളഅ ഏർപ്പെടുത്തൽ | 649372 |
| | 201/2023 - സബ്സെന്ററുകൾക്ക് ഹെൽത്ത് ആന്റ് | 383999 |

| | | |
|---|---|---|
| | വെൽനസ്സ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ | |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരം

ഇല്ല

ഗ്രാമ പഞ്ചായത്തിലെ നാല് സബ്സെന്ററുകളിൽ രണ്ട് സബ്സെന്ററുകൾ നിലവിൽ വാടക കെട്ടിടത്തിലും (ചിലവിൽ, ആരോഗ്യപ്പടി) ഒന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും(വെലത്തൂർ) ഒന്ന് അംഗനവാടി കെട്ടിടത്തിന്റെ മുകൾ നിലയിലുമാണ് (ചോലപ്പുറം) പ്രവർത്തിക്കുന്നത്. ഒന്നിനും സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി ഭൂമി ഇല്ലാത്ത ഉപകേന്ദ്രങ്ങൾക്ക് പഞ്ചായത്ത് പ്രൊജക്ട് വഴി ഭൂമി വാങ്ങാവുന്നതും സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത ഉപ കേന്ദ്രങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത്ഗ്രാന്റ് വഴി ലഭിക്കുന്ന 55 ലക്ഷം രൂപ ജനകീയ ആരേഗ്യ കേന്ദ്രം നിർമ്മിക്കാനായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആയവയൊന്നും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയതായി കാണുന്നില്ല. സ്കീം 3, സ്കീം 4 പ്രകാരമുള്ള പദ്ധതികൾ 2021-22, 2022-23 വർഷത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും തുക ലഭ്യമായത് 2023-24 വർഷത്തിന്റെ അവസാനത്തിലായതിനാൽ സ്പിൽ ഓവറായി വെച്ച് മേൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് 2024-25 വർഷത്തിലാണ്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 1348794 രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്തിൽ നിന്ന് ചുവടെ കൊടുത്തത് പ്രകാരം ഫാക്ടിയോസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം |
|---|---|---|
| 142 | 2057/24.04.24 | സ്മൈൽ ഡെന്റൽ ക്ലിനിക് |
| 160 | 2210/09.09.24 | ജാസ്മിൻ ഡെന്റൽ ക്ലിനിക് |
| 283 | 3919/10.09.24 | ഡോ. ഷേക്സ് ക്ലിനിക്കൽ ലബോറട്ടറി |
| 284 | 3917/10.09.24 | പ്രീതി ക്ലിനിക് |
| 285 | 3968/12.09.24 | സാസ് ഡെന്റൽ ക്ലിനിക് |

| | | |
|---|---|---|
| 286 | 3969/ 12.09.24 | സാസ് അഡ്വാൻസ്ഡ് ഡെന്റൽ ക്ലിനിക് |
| 296 | 3903/09.09.24 | ഹീൽ വേ ഹെൽത്ത് ക്ലിനിക് |
| 297 | 1699/05.11.24 | സീയൂസ് ഡെന്റൽ ക്ലിനിക് |
| 375 | 1076/25.03.25 | ദാറുസ്സിഹ ഹോമിയോപ്പതി ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെയും ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/02.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 അഡ്വാൻസ് നൽകിയ പ്രവർത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ B-18 പ്രകാരം അഡ്വാൻസ് ഇനത്തിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് പണം അനുവദിച്ചത് നീക്കിയിരിപ്പായി അവശേഷിക്കുന്നതായി കണ്ടു.

| ക്രമ .നം | സ്ഥാപനം | B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | Advance To Implementing Agencies-Deposit With Kerala Electricity Board | 4973764 |
| 2 | Advance To Implementing Agencies-Deposit With Ground Water Department | 503487 |
| 3 | Advance To Nirmithi Kendra | 540000 |
| 4 | Advance To Kerala Water Authority | 73125 |

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2017-18 മുതൽ അനുവദിച്ച അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ കിടക്കുന്നുണ്ട് എന്ന് കണ്ടു. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/26.07.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 കരാർ പ്രകാരമുള്ള ഫർണിച്ചറുകളല്ല വിതരണം ചെയ്തിട്ടുള്ളത്

പ്രൊജക്ട് : ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കാര്യാലയത്തിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ കംപ്യൂട്ടർ,ടേബിൾ, ചെയർ, അലമാര തുടങ്ങിയവ വാങ്ങൽ (191/25)

അടങ്കൽ : 85000 ( തനത് ഫണ്ട്)

ചെലവ്:83950 ( തനത് ഫണ്ട്)

വൗച്ചർ നമ്പർ: 22401021/20-03-2025 തുക 26400/-

22401077 /28-03-2025 തുക 15551/-

22401022/20-03-2025 തുക 41999/-

മേൽ പദ്ധതിയിലേക്കായി മുമ്പൈ ട്രഡേഴ്സ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്ന് ജെം വഴിഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | ഉൽപന്നം | ഇൻവോയ്സ് നമ്പർ | എണ്ണം | തുക/ യൂണിറ്റ്(18ജി.എസ്.ടി ഉൾപ്പെടെ) | അനുവദിച്ച ,തുക |
|---|---|---|---|---|---|
| 1 | ഓഫീസ് ടേബിൾ | 2383/24.03.25 | 1 | 7441 | 7441 |
| 2 | ചെയർ | 2382/24.03.25 | 2 | 4055 | 8110 |
| ആകെ തുക | | | | | 15551 |

സ്ഥാപനവുമായി ഐ.സി.ഡി.എസ് സൂപ്പർവൈസർ കരാറിലേർപ്പെട്ടിട്ടുള്ളത് പൂർണമായും തേക്ക് വുഡിൽ നിർമ്മിച്ച (സീറ്റ്, ബാക്ക് റെസ്റ്റ്, ആം റെസ്റ്റ് ഉൾപ്പെടെ) ചെയറും വുഡിൽ നിർമ്മിച്ച (ടേബിൾ ടോപ്പ് എം.ഡി.എഫ് കൊണ്ട് നിർമ്മിച്ചത്) ടേബിളും വിതരണം ചെയ്യുന്നതിനാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ സാന്നിദ്ധ്യത്തിൽ 30.07 2025 ന് പരിശോധന നടത്തിയപ്പോൾ ഫൈബർ കൊണ്ട് നിർമ്മിച്ച സീറ്റ് അപ്ഹോൾസ്റ്ററി ചെയ്ത ചെയറും സ്റ്റീൽ കൊണ്ട് നിർമ്മിച്ച (ടേബിൾ ടോപ്പ് എം.ഡി.എഫ് കെണ്ട് നിർമ്മിച്ചത്) ടേബിളും ആണ് വിതരണം ചെയ്തത് എന്ന് കണ്ടു.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/01.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിന് ലഭ്യമാകുന്ന ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്കോളർഷിപ്പ് അനുവദിച്ചതിലെ അപാകതകൾ

പ്രൊജക്ട് : ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (82/25)

അടങ്കൽ : 1291800 ( പൊതുവിഭാഗം സാധാരണ വിഹിതം)

645900 (ബ്ലോക്ക് പഞ്ചായത്ത്)

215300 (ജില്ലാ പഞ്ചായത്ത്)

ആകെ : 2153000

ചെലവ് : 1291800 ( പൊതുവിഭാഗം സാധാരണ വിഹിതം)

457040 (ബ്ലോക്ക് പഞ്ചായത്ത്)

191300 (ജില്ലാ പഞ്ചായത്ത്)

ആകെ : 1940140

ബി.ആർ.എൻ: 24150552043801551685/15.03.25 തുക 55240/-

24150552043801511041/10.03.25 തുക 191300/-

24150552043801459582/07.03.25 തുക 88760/-

24150552043801197235/20.01.25 തുക 480000/-

24150552043801169657/04.01.25 തുക 117300/-

24150552043801169654/04.01.25 തുക 333000/-

24150552043801169652/04.01.25 തുക 114000/-

24150552043801168578/13.01.25 തുക 89400/-

24150552043801169660/13.01.25 തുക 367640/-

24150552043801169664/13.01.25 തുക 103500/-

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മുഹമ്മദ് ഹംദാൻ എന്ന വിദ്യാർത്ഥി സമർപ്പിച്ച രേഖകൾ പ്രകാരം അവരുടെ കനറാ ബാങ്ക് വൈലത്തൂരിലെ അക്കൗണ്ട് നമ്പർ 110151854659 ആണ്. എന്നാൽ അവർക്ക് ബി.ആർ.എൻ 24150552043801109054/04.01.25 പ്രകാരം പണം അനുവദിച്ചിട്ടുള്ളത് 1101551854659 എന്ന അക്കൗണ്ട് നമ്പറിലേക്കാണ്.

2. മുഹമ്മദ് സാബിത് എന്ന വിദ്യാർത്ഥിയുടെ അപേക്ഷ പ്രകാരം അവർ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിയാണ് (Muscele Tightness, Spastic Paroplea). എന്നാൽ അവർക്ക് മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പണം അനുവദിച്ചിട്ടുണ്ട്.(28500/- ബി.ആർ.എൻ:24150552043801197235/20.01.25 തുക 480000/-)

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/01/08/2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 1 ലെ വിദ്യാർത്ഥിക്ക് പണം ലഭ്യമായിട്ടുണ്ടോ എന്നുള്ളത് പരിശോധിച്ചു് ആയതിനും ക്രമ നമ്പർ രണ്ടിലെ വിദ്യാർത്ഥി മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി ആണെങ്കിൽ ആയത് തെളിയിക്കുന്ന രേഖയും അല്ലെങ്കിൽ വിദ്യാർത്ഥിക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കിയും വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ബയോബിൻ വിതരണം-ജിയോ ടാഗ് പതിപ്പിക്കൽ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ:വി.ഇ.ഒ

| പ്രോജക്ട് നം, പേര് | അടങ്കൽ | ബിൽനം.തീയതി&തുക | ആകെ ചെലവ് |
|---|---|---|---|
| 165/2024-25 ഗാർഹിക ബയോബിൻ വിതരണം(SO) | ₹93,600/- (ധനകാര്യകമ്മീഷൻ അവാർഡ്) 1,04,000/-(ഗുണഭോക്തൃ വിഹിതം) | നം.XVFC/2024-25/P/17:16.10.2024:91,000 | ₹91,000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| 164/2024-25 അംഗനവാടികളിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും ബയോബിൻ(SO) | 54,250(കേന്ദ്രാവിഷ്കൃതഫണ്ട്) 23250 (തനത് ഫണ്ട്) | വൗച്ചർനം.22400447/ 10.10.2024:13,000 | 13,000/- (കേന്ദ്രാവിഷ്കൃതഫണ്ട്) |

2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.25/24,198/24 പ്രകാരം 400 എണ്ണം ഗുണഭോക്താക്കൾക്കും അംഗനവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കുമായി 25 എണ്ണവും ചേർത്ത് ആകെ 425 എണ്ണം ബയോബിൻ സ്ഥാപിക്കുന്നയിന് ഭരണാനുമതി നല്കുകയും പദ്ധതിക്കായി IRTC മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് 2600/-രൂപ നിരക്കിൽ വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുകയും ഇൻവോയിസ് നം.601/11.9.24 പ്രകാരം 200 എണ്ണം ബയോബിന്നുകൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

<u>അപാകങ്ങൾ</u>

1.ഇൻവോയിസ് നം.601/11.9.24 പ്രകാരം 200 എണ്ണം ബയോബിന്നുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.

2.200 ബയോബിന്നുകൾ വാങ്ങിയതിൽ ജിയോ ടാഗിംഗ് പൂർത്തീകരണവിവരം ലഭ്യമല്ല.

3.കരാർ പ്രകാരം അവശേഷിക്കുന്ന ബയോബിന്നുകൾ വാങ്ങി വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (**8/26.7.2025**) നല്കിയതിന് 30.7.2025ന് ലഭ്യമാക്കിയ മറുപടിയിൽ ഏജൻസി നേരിട്ട് ഗുണഭോക്താവിന്റെ വീടുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും വിതരണം ചെയ്തതിനാലാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ പോയതെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ബയോബിൻ സ്ഥാപിച്ച ഏജൻസി തന്നെയാണ് ജിയോ ടാഗിംഗ് പൂർത്തീകരിക്കേണ്ടതെന്നും നിലവിൽ അഡ്വാൻസ് തുകയായ 20% മാത്രമെ നല്കിയിട്ടുള്ളതെന്നും ബാക്കി തുക, 108 എണ്ണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ അനുവദിക്കുകയുള്ളൂ എന്നും ബാക്കിയുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടയ്ക്കുന്ന മുറയ്ക്ക് ബാക്കി എണ്ണം ബയോബിൻ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജിയോ ടാഗിംഗ് പൂർത്തീകരിച്ചതിന്റെയും ബാക്കിയുള്ള ഗുണഭോക്താക്കളുടെ വിതരണം പൂർത്തീകരിച്ചതിന്റെയും വിവരം അറിയിക്കേണ്ടതുമാണ്.

## <u>1-18 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല</u>

| | |
|---|---|
| പ്രൊജക്ട് നം &പേര് | 195/2025 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | (MG-NR)_3,00,000/-,ചെലവ് :3,00,000/- |
| ബിൽ നം&തീയതി | 24150552049601630658/21-03-25 :Rs. 3,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |

പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി Homco,ആലപ്പുഴ എന്ന സ്ഥാപനത്തിന് 300,000 രൂപ (NAC Order No.10/D64/24-25/1 Dtd 14.2.2025)മുൻകൂർ നൽകിയതിൽ മരുന്നുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി

നം.22/1.8.2025)02.08.2025ന് ലഭ്യമാക്കിയ മറുപടിയിൽ ഹോംകോ ആലപ്പുഴയുമായി ഫോൺ മുഖാന്തിരവും കത്ത് മുഖേനയും ബന്ധപ്പെട്ടിരുന്നുവെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പദ്ധതികൾ പരിശോധിച്ചപ്പോൾ മരുന്നിനായി കെ.എം.എസ്.സി.എല്ലിന് പണം അനുവദിച്ചിട്ടുണ്ടെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.പ്രൊജക്റ്റ്: ജീവിത ശൈലി രോഗ ബാധിതർക്ക് മരുന്ന് വിതരണം(104/25)

അടങ്കൽ: 400000(തനത് ഫണ്ട്)

ചെലവ്: 400000(തനത് ഫണ്ട്)

വൗച്ചർ നമ്പർ: 22400755/07.01.25 തുക 400000

പ്രൊഫോമ നമ്പർ:PRF 2279/02.12.2024 തുക 400000

ലഭ്യമായ മരുന്നിന്റെ വിവരം:

| ക്രമ നം. | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 409/08.05.2025 | 100131 |
| 2 | 738/28.05.2025 | 42119 |
| 3 | 1036/21.06.25 | 76087 |
| ആകെ തുക | | 218337 |

181663/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

2.പ്രൊജക്റ്റ്: സമഗ്ര ആരോഗ്യ ചികിത്സ പദ്ധതി(108/25)

അടങ്കൽ: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബി.ആർ.എൻ: 24150552043401213086/23.01.25 തുക 400000

പ്രൊഫോമ നമ്പർ:PRF 2669/24.12.2024 തുക 400000

ലഭ്യമായ മരുന്നിന്റെ വിവരം:

| ക്രമ നം. | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 513/17.05.2025 | 105325 |
| 2 | 1139/01.07.2025 | 54321 |
| ആകെ തുക | | 159646 |

240354/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

3. പ്രൊജക്റ്റ്: പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ(105/25)

അടങ്കൽ: 300000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 300000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബി.ആർ.എൻ: 24150552043400682902/19.09.24 തുക 300000

പ്രൊഫോമ നമ്പർ:PRF 1168/09.09.2024 തുക 300000

ലഭ്യമായ മരുന്നിന്റെ വിവരം:

| ക്രമ നം. | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 1672/23.01.2025 | 41903 |
| 2 | 30/05.04.2025 | 42131 |
| 3 | 170/21.04.25 | 63150 |
| ആകെ തുക | | 147184 |

152816/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം ആവശ്യപ്പെട്ട് നൽകിയ[ഓഡിറ്റ് എൻക്വയറി നമ്പർ: 24/01.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 SSK വിഹിതം നൽകൽ -വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം നൽകൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം 451880 രൂപ State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവഴിച്ചതുക | ബിൽ നം |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.എസ്.കെ വിഹിതം നൽകൽ (10/25) | 451880 | 451880 (വികസന ഫണ്ട് ജനറൽ) | 24150552006001069098/20.12.24 |
| ആകെ | | | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ലെ ഖ 8.6. വിദ്യാഭ്യാസം, ക്രമ നം. (3), (4),(5) എന്നിവയിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ നിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Uitilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് വിഹിതം ₹ 451880/- രൂപ എസ്.എസ്.കെ.യ്ക്ക് ലഭിച്ചതിന്റെ രസീതി ഹാജരാക്കിയിട്ടില്ല.
2. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
3. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
4. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
5. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
6. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. SSK ലഭ്യമാക്കിയ 11.06.25 ലെ വിനിയോഗസാക്ഷ്യപത്ര പ്രകാരം കൃത്യമായ വിനിയോഗ വിവരം ലഭ്യമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | BRC | 5 | 2,87,153 | 114926 | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിലെ BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 5 | 1,74,265 | 68706 | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിലെ CRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 927 | 2,31,750 | 92,700 | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| | Foundational Literacy And Numeracy | 1394 | 2,80,379 | 1,12,152 | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് Foundational Literacy And Numeracy ലഭിച്ചു എന്ന വിവരം ലഭ്യമല്ല. |
| 4 | Self Defence Training For Girls | 673 | 5384 | 2154 | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് Self Defence Training For Girls ലഭിച്ചു എന്ന വിവരം ലഭ്യമല്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/26.7.25 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 451880/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (35/25) എന്ന പദ്ധതി പ്രകാരം 3115900 രൂപ അടങ്കലിൽ 1307042 രൂപ താഴെ പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ (പൊൻമുണ്ടം) നിക്ഷപിച്ചിട്ടുണ്ട്.

| ബിൽ /വൗച്ചർ നമ്പർ | ചെലവ് | വിനിയോഗിച്ചത് | ബാക്കി |
|---|---|---|---|
| 2415055200601699696/25.3.25 (വികസന ഫണ്ട് ജനറൽ) | 269942 | 0 | 269942 |
| XVFC2024-25/P/35/27.03.25 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 564200 | 0 | 564200 |
| XVFC2024-25/P/36/27.03.25 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 300000 | 0 | 300000 |
| XVFC2024-25/P/38/30.03.25 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 172900 | 0 | 172900 |
| ആകെ | 1307042 | | 1307042 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിക്കുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിനാധാരമായ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

2. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ 13,07,042 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.

3. കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി ആകെ 13,07,042 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല.
4 ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാർ ചമച്ചതിന്റെ

രേഖകൾ ലഭ്യമല്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നമ്പർ 5/26.7.25 ക്ക് മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 13,07,042 രൂപ തടസ്സം ചെയ്യുന്നു.

## 1-22 വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതണം- സർക്കാർ ഉത്തരവുകൾ പാലിച്ചില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം എന്ന പദ്ധതി മുഖേന താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം ( 15/25) | |
| നിർവ്വഹണം | സെക്രട്ടറി | |
| അടങ്കൽ | 989800 | |
| ഫണ്ട് | തനത് ഫണ്ട് | |
| | ചെലവ് | വൗച്ചർ നമ്പർ |
| | 478240<br>(473458 + 4782 IT) | 22400223/20.7.24 |
| | 475000 | 22400445/9.10.24 |
| | 36560<br>(31444+ 5116 IT) | 22400467/17.10.24 |
| ആകെ | 989800 | |

സർക്കാർ ഉത്തരവ് (സാധാ)നമ്പർ 405/2024/ത.സ്വ.ഭ.വ തീയതി 19.2.24, സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1153/2023/ ത.സ്വ.ഭ.വ തീയതി 2.6.23 എന്നീ ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് കുടിവെള്ളം ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കേരളാ ജല അതോറിട്ടിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത ( ലിറ്ററിന് 49 പൈസ) ശ്രീ. അബ്ദുൾ കരീം. എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും **KL45 -N 4779 , KL56-C 9516** എന്നീ വാഹനങ്ങളിൽ താഴെ പറയും പ്രകാരം കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

| തീയതി | വിതരണം നടത്തിയ കുടിവെള്ളം | കറാറുകാരൻ |
|---|---|---|
| 1.4.24 മുതൽ 18.5.24 വരെ | 2020000 ലിറ്റർ | അബ്ദുൾ കരീം. |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് (സാധാ)നമ്പർ 405/2024/ത.സ്വ.ഭ.വ തീയതി 19.2.24 ഖണ്ഡിക 3 പ്രകാരം വരൾച്ചാ ബാധിത പ്രദേശമായോ കുടിവെള്ളക്ഷാമമുള്ള പ്രദേശമായോ കളക്ടർ/റവന്യു അധികാരികൾ നിശ്ചയിച്ചതിനുസരിച്ച് മാത്രമെ ഗ്രാമ പഞ്ചായത്ത് കുടിവെള്ളം വിതരണം ചെയ്യാൻ പാടുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്തിനെ ഇത്തരം പ്രദേശമായി അംഗീകരിച്ചതായി കാണുന്നില്ല.

2.വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടത് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തി വിതരണം ചെയ്യേണ്ടതാണ്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 3 ൽ ജില്ലാതല റവന്യു അധികാരികൾക്ക് മോണിറ്ററിങ്ങ് നടത്തുന്നതിനായി ജി.പി.എസ് ട്രാക്കിംങ് സംവിധാനവും ലഭ്യമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുറപ്പെട്ട സ്ഥലം, എത്തിചേർന്ന സ്ഥലം എന്നിവ രേഖപ്പെടുത്തിയ ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വെള്ളം വിതരണം നടത്തിയതിന്റെ റൂട്ട് റിപ്പോർട്ട് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

3. ഗ്രാമ പഞ്ചായത്തിന്റെ 02.03.2024 ലെ 400912/DPDC2/GPO/2024/1045 നമ്പർ ടെണ്ടർ നിബന്ധന 5 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കേണ്ടത്. കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ളം ലഭ്യമല്ലെങ്കിൽ മാത്രമാണ് മറ്റു ജലസ്രോതസ്സുകളിൽനിന്നും കുടിവെള്ളം ലഭ്യമാക്കേണ്ടത് . എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽനിന്നും കുടിവെള്ളം ലഭ്യമല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് മറ്റ് സ്വകാര്യ ജലസ്രോതസ്സുകളിൽനിന്നും കുടിവെള്ളം ശേഖരിച്ചിരിക്കുന്നത്.

4.കുടിവെള്ള വിതരണം കൃത്യമായി മോണിറ്ററിംഗ് ചെയ്തിട്ടില്ല. വാർഡ് മെമ്പർമാർ, ചുമതലയുള്ള ഉദ്യോഗസ്ഥർ, ഗുണഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ഇത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കരാറുകാരൻ ഫൈനൽ ഇൻവോയ്സ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/28.7.25 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു . അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 9,89,800 രൂപ തടസ്സം ചെയ്യുന്നു.

## 1-23 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി മുഖേന ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി താഴെപറയും പ്രകാരം ANERT എഞ്ചിനിയറുടെ 28.2.25 ലെ 04/GEN/ANERT//MLPM/2024-25നമ്പർ എസ്റ്റിമേറ്റ് പ്രകാരം ഓഡിറ്റ് വർഷം 9,54, 800രൂപ ANERT ന് നൽകിയിട്ടുണ്ട് .

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ (217/25) | 9,54,800 വികസന ഫണ്ട് ജനറൽ | 9,54,800 | 24150552006001460129/7.03.25 |
| | ആകെ | 9,54,800 | |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/28.7.25 ന് നൽകിയ മറുപടിയിൽ പ്രവൃർത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു.വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 9,54,800 രൂപ തടസ്സം ചെയ്യുന്നു.

## 1-24 വസ്തുനികുതി പരിഷ്കരണം കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഏജൻസിക്ക് തുക കൈമാറൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വസ്തുനികുതി പരിഷ്കരണം കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഏജൻസിക്ക് തുക കൈമാറൽ എന്ന പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിൽ GIS Mapping, Building Survey, Street Light Mapping,Asset Mapping, കെട്ടിടങ്ങളുടെ ഡിജിറ്റൽ വിവരശേഖരണം , ഡ്രോൺമാപ്പിംഗ് , വെബ് കോൺഫിഗരേഷൻ, ഡാറ്റാ ഇന്റഗ്രേഷൻ എന്നിവക്കായി താഴെപറയും പ്രകാരം ഊരാളുങ്ങൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് ഓഡിറ്റ് വർഷം 452176രൂപ നൽകിയിട്ടുണ്ട് .

| പ്രോജക്റ്റ് | അടങ്കൽ | ഇൻവോയ്സ് | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|
| വസ്തുനികുതി പരിഷ്കരണം കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഏജൻസിക്ക് തുക കൈമാറൽ (172/25) | 10,00,000 തനത് ഫണ്ട് | ULC/24-25/1113/25.3.25 Rs.216000<br>ULC/24-25/1114/25.3.25 Rs.236000 | 452176 | 22401139/30.3.25 |

| | | | | |
|---|---|---|---|---|
| | ആകെ | | 452176 | |

1.ഡാറ്റാ അനാലിസിസ് ,വെബ് ജി.ഐ.എസ് പോർട്ടൽ ,ഡ്രോൺ സർവ്വേ (9.16.OTH) എന്നിവ പൂർത്തിയാക്കി ഊരാളുങ്ങൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ഇൻവോയ്സ് സമർപ്പിച്ച പ്രകാരം 452176 രൂപ കൈമാറിയിട്ടുണ്ടെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഉറപ്പ് വരുത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

2. ഇൻകം ടാക്സ് ആക്ട് 194 J പ്രകാരമുള്ള സാങ്കേതിക സഹായം നൽകുന്നതിനുള്ള 2% IT TDS ഈടാക്കിയിട്ടില്ല.
3. ഇൻവോയ്സ് പ്രകാരം 4,52,000 രൂപ ആവശ്യപ്പെട്ടുവെങ്കിലും 4,52,176/- രൂപ നൽകിയിട്ടുണ്ട്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/28.7.25 ന് നൽകിയ മറുപടിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 452176 രൂപ തടസ്സം ചെയ്യുന്നു.

## 1-25 വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ്- വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ്-എന്ന പദ്ധതി മുഖേന സർക്കാർ ഉത്തരവ് (സാധാ) നമ്പർ645/2025/LSGD/7.3.25 ന്റെ അടിസ്ഥാനത്തിൽ ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പരിപാടി സംഘടിപ്പിക്കുന്നതിനായി 25000 രൂപ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്തുത തുക കൈപറ്റിയതിന്റെ വിവരം , തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ് (225/25) | 25000<br>തനത് ഫണ്ട് | 25000 | 22401131/30.3.25 |
| | ആകെ | 25,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/29.7.25 ന് നൽകിയിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു കൈപറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 25,000 രൂപ തടസ്സം ചെയ്യുന്നു.

## 1-26 ഡിജിറ്റൽ ലിറ്ററസി പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ഡിജിറ്റൽ ലിറ്ററസി എന്ന പദ്ധതിക്കായി 60 വയസ്സ് വരെയുള്ള മുഴുവൻ വനിതകളേയും ഡിജിറ്റൽ സാക്ഷരരാക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2 കമ്പ്യൂട്ടർ മാസവാടക 3500 രൂപക്ക് (ഒരു

സിസ്റ്റത്തിന്) എടുത്ത് കാവുപുര അക്ഷയ സെന്ററിൽ വെച്ച് 100 വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഇൻവോയ്സ് | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|
| ഡിജിറ്റൽ ലിറ്ററസി (182/25) | 30000 (തനത്ഫണ്ട്) | 0026/5.7.24 Lap Tech Computer Service Vengara | 30000 | 22401137/30.3.25 |
| | ആകെ | | 30000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ബന്ധപ്പെട്ട ഗുണഭോക്താക്കളെ ഗ്രാമ സഭ അംഗീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

2. ക്വട്ടേഷൻ/ടെണ്ടർ നടപടികൾ പാലിക്കാതെയാണ് കമ്പ്യൂട്ടർ വാടകയ്ക്ക് എടുത്തിട്ടുള്ളത്.

3.ഗുണഭോക്താക്കൾ പ്രസ്തുത 6 മാസ കോഴ്സ് വിജയകരമായി പൂർത്തീകരിച്ച് സ്ഥാപനം സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം ലഭ്യമല്ല.
4. ഗുണഭോക്താക്കളുടെ അറ്റൻഡൻസ് ഇല്ല
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/30.7.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 30,000 രൂപ തടസ്സം ചെയ്യുന്നു.

## 1-27 അഡ്വാൻസ് ക്രമീകരിച്ചില്ല.

ILGMS വൗച്ചർ, മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് താഴെ പറയുന്ന മുൻകൂർ നൽകിയ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ.

| | ഇനം | നൽകിയ തുക | വൗച്ചർനമ്പർ | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|
| 1 | കണ്ടിജന്റ് ചെലവുകൾ- വെറ്റിനറി സർജൻ കൈപറ്റിയത് | 10000 | 22400260/6.8.24 | 0 | 10000 |
| 2 | കണ്ടിജന്റ് ചെലവുകൾ- മെഡിക്കൽ ഓഫീസർ PHC ക്ക് നൽകിയത് | 10000 | 22400261/6.8.24 | 0 | 10000 |
| 3 | കണ്ടിജന്റ് ചെലവുകൾ- ICDS സൂപ്പർ വൈസർക്ക് നൽകിയത് | 10000 | 22400449/15.10.24 | 0 | 10000 |
| 4 | കണ്ടിജന്റ് ചെലവുകൾ- മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) കൈപറ്റിയത് | 10000 | 22400566/26.11.24 | 0 | 10000 |

| | | | | | |
|---|---|---|---|---|---|
| 5 | കണ്ടിജൻ്റ് ചെലവുകൾ- മെഡിക്കൽ ഓഫീസർ PHC ക്ക് നൽകിയത് | 10000 | 22400590/30.11.24 | 0 | 10000 |
| 6 | കണ്ടിജൻ്റ് ചെലവുകൾ- വെറ്റിനറി സർജൻ കൈപറ്റിയത് | 10000 | 22400776/15.1.25 | 0 | 10000 |
| 7 | കണ്ടിജൻ്റ് ചെലവുകൾ-അസി.എഞ്ചിനിയർ കൈപറ്റിയത് | 10000 | 22400890/12.2.25 | 0 | 10000 |
| 8 | കണ്ടിജൻ്റ് ചെലവുകൾ- മെഡിക്കൽ ഓഫീസർ ഹോമിയോ കൈപറ്റിയത് | 10000 | 22401085/28.3.25 | 0 | 10000 |
| 9 | കണ്ടിജൻ്റ് ചെലവുകൾ- മെഡിക്കൽ ഓഫീസർ ആയുർവ്വേദ കൈപറ്റിയത് | 6703 | 22401083/28.3.25 | 0 | 6703 |
| 10 | കണ്ടിജൻ്റ് ചെലവുകൾ- കൃഷി ഓഫീസർക്ക് നൽകിയത് | 10000 | 22401086/28.3.25 | 0 | 10000 |
| 11 | വാർഡ് തല ശുചിത്വ മിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർ PHC ക്ക് നൽകിയത് | 160000 | 22400109/ 31.5.24 | 0 | 1,60,000 |
| | | | | ആകെ | 256703 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/02.8.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 256703 രൂപ തടസ്സം ചെയ്യുന്നു.

## 1-28 തെരുവ് വിളക്കുകളുടെ റിപ്പയർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്കുകളുടെ റിപ്പയർ-അടാട്ട് മോഡൽ എന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി Asian Marketting Vazhakkad എന്ന സ്ഥാപനത്തിൽ നിന്നും 850 LED (15 W ) ബൾബുകളും അനുബന്ധ ഉപകരണങ്ങൾ വാങ്ങുകയും സ്ഥാപിക്കുന്നതിനായി ഒരു തെരുവ് വിളക്കിന്റെ റിപ്പയർ നടത്തുന്നതിന് 90 രൂപ നിരക്കിൽ ശ്രീ.മൻസൂർ ബാബു പി എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു..

| പ്രോജക്ട് | അടങ്കൽ | ഇൻവോയ്സ് | വൗച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| തെരുവ് വിളക്കുകളുടെ റിപ്പയർ-അടാട്ട് മോഡൽ (183/25) | 299800 CFC | AD 60/15.1024= 85, 197 Asian Marketting Vazhakkad (15 W LED 500 തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും) | XVFC/24-25/P/21/18.12.24 | 87442 |
| | | AD101 /25.01.25= 54122 Asian Marketting Vazhakkad (15 W LED 350 തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും) | XVFC/24-25/P/27/18.12.24 | 54122 |
| | | ശ്രീ.മൻസൂർ ബാബു പി.ക്ക് 477 തെരുവ് വിളക്കു് റിപ്പയർ ചെയ്യുന്ന തുക 477 X 90 =42930 + Trasportaton=16095 TotaL59025 +2690 Insurance | XVFC/24-25/P/42/31.3.25 | 61, 715 |
| ആകെ | | | | 203279 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഇൻവോയ്സ് പ്രകാരം വാങ്ങിയ മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ചില്ല.

വാങ്ങിയ തിയതി മുതൽ 1 വർഷത്തേക്കാണ് സ്ഥാപനം വാറന്റി നൽകുന്നത്. തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ മുഴുവൻ തെരുവ് വിളക്കുകളും നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വാങ്ങിയ തെരുവ് വിളക്കുകളുടെ വാറന്റി നഷ്ടമായി . വിശദ വിവരം ചുവടെ

| വാങ്ങിയത് | സ്ഥാപിച്ചത് | ബാക്കി |
|---|---|---|
| 850 | 477 | 373 |
| | ആകെ | 373 |

2.കരാറുകാരൻ തയ്യാറാക്കിയ സാക്ഷ്യ പത്ര ത്തിൽ 477 തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി പറയുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

3.ഗവ.ഉത്തരവ് നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ ആതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം.

ഒരു Maintainance Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011/തസ്വഭവ. സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.
തദ്ദശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് എജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

5) സർക്കുലർ നമ്പർ 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്ട്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/01.08.2025 ന് ലഭ്യമാക്കിയ മറുപടിയിൽ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 203279 രൂപ തടസ്സം ചെയ്യുന്നു.

## 1-29 സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ

**സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ**

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

1.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂവർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള വാങ്ങലുകളിൽ 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമായിട്ടുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പദ്ധതിയിൽ മേൽ ഉത്തരവിന് വിരുദ്ധമായി ക്വട്ടേഷൻ നടപടികളിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | 196/24 – ഹരിതകർമ്മസേനയ്ക്ക് യൂണിഫോമും ഉപകരണങ്ങളും വാങ്ങൽ | ചെലവ് |
| അടങ്കൽ | ₹60,000/- (ധനകാര്യകമ്മീഷൻ അവാർഡ്) | 60,000 |
| | ₹35,000/-(തനത് ഫണ്ട്) | 28,000 |
| ആകെ ചെലവ് | | 88,000/- |
| ബിൽനം.&തീയതി | 1. XVFC/24-25/P/14/7.9.2024:50,000<br>1. XVFC/24-25/P/16/7.10.2024:10,000<br>2. Vr.No.22400357/7.9.2024:28,000 | |

കുടുംബശ്രീ സി.ഡി.എസ് ന് കീഴിൽ പ്രവർത്തനം ആരംഭിച്ച ഹരിതകർമ്മ സേന പദ്ധതിയിലേക്ക് 66 ഓവർകോട്ടുകൾ,ചുരിദാർ യൂണിഫോം എന്നിവ കെ.എം.കെ ലേഡീസ് ടെയിലറിംഗ് യൂണിറ്റ്,കൂരാട്,വണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്.സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ്(No.06/26.7.2025)നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച പിഴവ് ആവർത്തിക്കില്ല എന്നറിയിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

ലൈഫ് മിഷൻ മാർഗരേഖ പ്രകാരം പദ്ധതിക്ക് കീഴിൽ ഭവന നിർമാണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ആദ്യ തുക കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവന നിർമാണം പൂർത്തീകരിക്കേണ്ടതുണ്ട്. വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അവസാനമായി തുക നൽകി ഏറെക്കാലം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| S/N | പേര് വിലാസം | വാർഡ് | ആദ്യ തുക അനുവദിച്ച തിയതി | ആകെ നൽകിയത് | ശേഷി | റിമാർക്ക്സ് |
|---|---|---|---|---|---|---|

ക്കുന്നത്

| | | | | | | |
|---|---|---|---|---|---|---|
| **1** | **കറപ്പൻകുട്ടി നെടുവഞ്ചേരി** | 6 | 19-01-2023 | 360,000 | 40,000 | വീടുപണി പൂർത്തീകരിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| **2** | **വിനീഷ് മനക്കപ്പറമ്പിൽ(SC)** | 5 | 15-06-2023 | 345,000 | 55,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **3** | **മൊയ്തീൻ പാലക്കാപറമ്പിൽ** | 13 | 03-02-2023 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **4** | **ഇന്ദിര പരിയാരക്കൽ** | 2 | 15-03-2023 | 340,000 | 60,000 | വീടുപണി പൂർത്തീകരിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| **5** | **പ്രഭാകരൻ പരിയാരക്കൽ** | 9 | 17-03-2023 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **6** | **സക്കീന കാരുപറമ്പിൽ** | 2 | 17-03-2023 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **7** | **ശങ്കരനാരായണൻ ഗോപുരത്തിൽ** | 9 | 17-03-2023 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 8 | **ജാനു കളത്തിങ്ങൽ ചീനിക്കൽ** | 14 | 10-05-2023 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **9** | **കൃഷ്ണദാസ് തണ്ടാൻവീട്ടിൽ** | 6 | 10-05-2023 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **10** | **ആയിഷ പുറത്തൊടി** | 12 | 12-12-2023 | 300,000 | 100,000 | വീടുപണി പൂർത്തീകരിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| **11** | **സക്കിയ കാഞ്ഞിരങ്ങൻ** | 15 | 19-01-2024 | 280,000 | 120,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **12** | **ഷബ്ന നെടുവഞ്ചേരി** | 6 | 13-06-2024 | 320,000 | 80,000 | റൂഫ് പണികൾ നടന്നുകൊണ്ടിരിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **13** | **കുഞ്ഞാമി കണിയാത്ത്പറമ്പിൽ** | 8 | 13-06-2024 | 340,000 | 60,000 | വീടുപണി പൂർത്തീകരിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| **14** | **ബേബി കോട്ടിയാട്ട്** | 12 | 13-06-2024 | 360,000 | 40,000 | റൂഫ് വരെ പൂർത്തിയായി അവസാനഘട്ട പണികൾ നടക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| **15** | **സുഭദ്ര തെക്കേപുരക്കൽ** | 16 | 13-06-2024 | 380,000 | 20,000 | വീടുപണി പൂർത്തീകരിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 16 | **സൽമ പാറയിൽ** | 6 | 27-08-2024 | 200,000 | 200,000 | ബേസ്മെന്റ് പൂർത്തീകരിച്ചു ബാക്കി പണികൾ നടന്നുകൊണ്ടിരിക്കുന്നു |

നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(21/30.7.2025) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 സ്കൂളിൽ സോക്ക് പിറ്റ് നിർമ്മാണം - അപാകത

| | |
|---|---|
| പ്രോജക്റ്റ് നം. | സ്കൂളിൽ സോക്ക് പിറ്റ് നിർമ്മാണം (SO078/25) |
| കരാർ | 26/ 28.12.2024 |
| സാങ്കേതിക അനുമതി നമ്പർ | 40019/ 22.11.24 (DsoR 2018 (36.44% Cost Index)) |
| PRICE ID | 100151/2024 |
| അടങ്കൽ/ ഫണ്ട് | 200000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് & ശുചിത്വമിഷൻ ഫണ്ട് |
| ചെലവ്/ വൗച്ചർ | Rs.93326<br>22400907/20.2.25 – 27998<br>22401051 /25.3.25 – 65328 |
| കരാറുകാരൻ | സമീർ ഹൈദർ |
| മൂല്യനിർണ്ണയ തുക | 93326 |

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്കൂളിൽ (AMLPS Chilavil) സോക്ക് പിറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത കണ്ടു.

പ്രവൃത്തിയുടെ ഭാഗമായി സ്കൂളിൽ സോക്ക് പിറ്റിന് വേണ്ടി കുഴിയെടുക്കുന്നതിന് ഇനം 1 പ്രകാരം 17.500 $M^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ആയതിന് Spec Code 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. മണ്ണ് നീക്കം ചെയ്തതിന്റെ വീതി 1.5 മീറ്ററിനേക്കാൾ കൂടുതൽ ആയതിനാൽ Spec Code 2.6.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. അധിക ചെലവ് ചുവടെ ചേർക്കുന്നു.

| നൽകിയ തുക<br>(Spec Code 2.8.1 പ്രകാരം 298.84/$M^3$ | നൽകാവുന്ന തുക<br>(Spec Code 2.6.1 പ്രകാരം 215.37/$M^3$ | അധികം |
|---|---|---|
| 5229.70/-<br>( 17.500 $M^3$ * 298.84/ $M^3$ ) | 3768.97/-<br>( 17.500 $M^3$ * 215.37/ $M^3$ ) | 1724 (1460.73+18%) |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/30.7.25) ലഭ്യമാക്കിയ മറുപടിയിൽ(4.8.25 ന്). നഷ്ട തുക 1724 രൂപ കരാറുകാരനിൽ നിന്നും 2500169/ 4.8.25 നമ്പർ രസീത് പ്രകാരം ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതായി അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 അങ്കണവാടികളിൽ സോക്ക് പിറ്റ് നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | അങ്കണവാടികളിൽ സോക്ക് പിറ്റ് നിർമ്മാണം(SO077/25) |
| കരാർ | 25/ 28.12.2024 |
| T S | 42413/ 26.11.24 (PRICE ID 101618/2024)<br>DsoR 2018 (36.44% Cost Index) |
| അടങ്കൽ/ ഫണ്ട് | 65000/ CFC&ശുചിത്വമിഷൻ ഫണ്ട് |
| ചെലവ്/ വൗച്ചർ | Rs.14046<br>22401066/28.3.25 – 14046 |
| കരാറുകാരൻ | സമീർ ഹൈദർ |

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിയുടെ ഭാഗമായി ഇനം 1 (ചെറുപറമ്പ് അങ്കണവാടി) പ്രകാരം സോക്ക് പിറ്റിന് കുഴിയെടുക്കുന്നതിന് 3.53600 $M^3$ സാധാരണ പാറ നീക്കം ചെയ്തിട്ടുണ്ട്. ആയതിന് Spec Code 2.9.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പാറ നീക്കം ചെയ്തതിന്റെ വീതി 1.5 മീറ്ററിനേക്കാൾ കൂടുതൽ ആയതിനാൽ Spec Code 2.7.1 പ്രകാരമുള്ള നിരക്കാണ് അനുവദിനീയമായത്. അധിക ചെലവ് ചുവടെ ചേർക്കുന്നു.

| നൽകിയ തുക (Spec Code 2.9.1 പ്രകാരം 530.83/$M^3$ | നൽകാവുന്ന തുക (Spec Code 2.7.1 പ്രകാരം 417.47/$M^3$ | അധികം |
|---|---|---|
| 1877.01/- | 1476.17/- | 473 (400.84+18%) |

| | | | |
|---|---|---|---|
| | ( 3.536 $M^3$ * 530.83/ $M^3$ ) | ( 3.536 $M^3$ * 417.47/ $M^3$ ) | |

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ചെറുപറമ്പ് , അരീച്ചാമ്പ് എന്നീ അങ്കണവാടികളിൽ സോക്ക് പിറ്റ് നിർമ്മാണം നടത്തേണ്ടത്. എന്നാൽ ചെറുപറമ്പ് അങ്കണവാടിയിൽ പ്രവൃത്തി നടത്തി ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. അരീച്ചാമ്പ് അങ്കണവാടിയിൽ പ്രവൃത്തി നടത്തിയിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/30.7.25) മറുപടിയായി സോക്ക് പിറ്റിന്റെ അളവ് 1.3 X 1.6 എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ പിറ്റിന്റെ വീതി മാറി രേഖപ്പെടുത്തിയതാണെന്നും വീതി 1.3 ആയി കണക്കാക്കാവുന്നതാണെന്നും അരീച്ചാമ്പ് അങ്കണവാടിയിൽ പിറ്റ് എടുക്കുന്നതിന് നോക്കിയപ്പോൾ മറ്റൊരു സോക്ക് പിറ്റ് അങ്കണവാടിയിൽ ഉള്ളതായി കണ്ടതിനാൽ അവിടെ പ്രവൃത്തി ചെയ്തില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. പ്രവൃത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അളവ് പുസ്തകത്തിൽ അളവ് കൃത്യമായി രേഖപ്പെടുത്തേണ്ടതാണെന്നും ഓഡിറ്റ് നിർദേശിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സിൽ സീവറേജ് പ്ലാന്റ് നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സിൽ സീവറേജ് പ്ലാന്റ് നിർമ്മാണം (SO134/25) |
| കരാർ | 12/ 14.10.2019 |
| T S | 71805/ 25.9.19<br>DsoR 2016 (31.06% Cost Index) |
| അടങ്കൽ/ ഫണ്ട് | 3048240/ ശുചിത്വമിഷൻ ഫണ്ട്& ത.സ്വ.ഭ.സ്ഥാപന വിഹിതം<br>ശുചിത്വമിഷൻ ഫണ്ട് - 10,00,000<br>ത.സ്വ.ഭ.സ്ഥാപന വിഹിതം - 2048240 |
| മൂല്യനിർണ്ണയം | 25,78,030 (പ്ലാന്റ്)<br>230683 (Rain Shelter) |
| ചെലവ്/ വൗച്ചർ | 20150552044001236244/12.3.21- 230683 (Rain Shelter)(CFC)<br>21150552044001450528/25.3.22- 309407 (SBM)<br>22100957/26.3.22-690593 (SBM) |

| | |
|---|---|
| | 22200970/31.3.23- 309407 (CFC)<br>22300760/16.2.24- 217468 (Own Fund)<br>22400788/17.1.25- 217468 (Own Fund)<br>22300761/19.2.24- 233687 (Own Fund)<br>22400793/23.1.25- 233687 (Own Fund)<br>22300156/12.6.23- 366313 (Block Share) |
| കരാറുകാരൻ | അബൂബക്കർ സിദ്ദീഖ് ( Hydraid Water Management System, Tirur) |

പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിലെ മൽസ്യമാർക്കറ്റിൽ അനറോബിക് സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രതിദിനം 10 കിലോ ലിറ്റർ സംസ്കരണ ശേഷിയുള്ള എഫ്ളുവെന്റ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൽസ്യ മാർക്കറ്റിലെ മലിന ജലവും മറ്റും ശുചീകരിച്ച് പുനരുപയോഗിക്കുന്നതിനുള്ള പ്ലാന്റ് ആണിത്. ശുചിത്വമിഷന്റെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന ഈ മലിനജല സംസ്കരണ പ്ലാന്റ് ജില്ലാതലത്തിൽ തന്നെ ഒരു മോഡൽ പ്രോജക്റ്റ് ആണ്. ശുചിത്വമിഷന്റെയും ഗ്രാമ പഞ്ചായത്തിന്റെയും (അസി.എഞ്ചിനീയർ) മേൽനോട്ടത്തിൽ ചെയ്ത ഈ പ്ലാന്റിന്റെ നിർമ്മാണം Hydraid Water Management System, Tirur എന്ന ഏജൻസി വഴിയാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. 25,78,030 രൂപ മൂല്യനിർണ്ണയത്തിൽ 23.4.2022 ന് നിർമ്മാണം പൂർത്തിയായ ഈ പ്ലാന്റ് ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്. പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ച് വരുന്ന വെള്ളം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി പ്ലാന്റിന് സമീപത്തായി 230683 രൂപ മൂല്യനിർണ്ണയത്തിൽ Rain Shelter (ചെടികളും കാർഷിക വസ്തുക്കളും ഈ വെള്ളം ഉപയോഗപ്പെടുത്തി ഉണ്ടാക്കുന്നതിനുള്ള Rain Shelter) മറ്റൊരു പദ്ധതി (Project No.- 206/21) പ്രകാരം ചെയ്തിട്ടുണ്ട്. 7.6.21 ലെ 4090/G/2018 SM കത്ത് പ്രകാരം പ്രവൃത്തിയുടെ സാങ്കേതിക അനുമതി പുതുക്കി നൽകിയിട്ടുണ്ട്.

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 22.2.2019 ലെ 4090/ജി/2018/എസ്.എം കത്തിലെ വ്യവസ്ഥകൾ പാലിച്ച് വേണം പ്രവൃത്തി നടപ്പാക്കാൻ എന്ന് കരാറിൽ ക്രമ നമ്പർ 3 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. കൂടാതെ കരാർ വ്യവസ്ഥകളും പാലിച്ചതായി കാണുന്നില്ല.

1.നിലവിലെ ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ ഈ കെട്ടിടത്തിന്റെ Structural Stability പ്ലാന്റിന്റെ നിർവഹണ ചുമതലയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ പ്ലാന്റിന്റെ നിർമ്മാണം 95% പൂർത്തിയായതിന് ശേഷമാണ് കെട്ടിടത്തിന്റെ Structural Stability പരിശോധിച്ചിട്ടുള്ളത്. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 21.12.2021 ന് കരാറുകാരൻ ഗ്രാമ പഞ്ചായത്തിന് നൽകിയ കത്ത് പ്രകാരം (

Letter No.WTP/PNM/21-04 Dtd.21.12.21) ) പ്ലാന്റിന്റെ 95% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ടെന്നും ബാക്കി പൂർത്തിയാക്കാൻ അവശേഷിക്കുന്നത് കെട്ടിടത്തിന് താഴെയുള്ള സോക്ക് പിറ്റിന്റെ നിർമ്മാണം മാത്രമാണെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല സോക്ക് പിറ്റ് നിർമ്മിക്കാനുള്ള സ്ഥലം അനുവദിച്ച് തരുന്നതിന് അസി.എഞ്ചിനീയറോട് മേൽ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുമുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരമുള്ള അളവുകളും കരാറുകാരന്റെ കത്ത് ശരിവക്കുന്നതാണ്. 21.12.2021 ന് പ്ലാന്റിന്റെ നിർമ്മാണം 95% പൂർത്തിയായിരിക്കെ 22.2.2022 ന് മാത്രമാണ് കെട്ടിടം പരിശോധിച്ച് Structural Stability Certificate ഇഷ്യു ചെയ്തിട്ടുള്ളത്. അളവ് പുസ്തകപ്രകാരം അവസാനം അളവ് (Soack Pit) എടുത്തിട്ടുള്ളത് 23.4.2022 നാണ്.

2.പദ്ധതി നിർവഹണം പൂർത്തീകരിക്കുന്ന മുറക്ക് കരാറുകാരൻ മുഖേന പ്ലാന്റ് ട്രയൽ റൺ നടത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ട്രയൽ റൺ എത്ര ദിവസം നടത്തിയിട്ടുണ്ട് എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

3. കരാർ പ്രകാരം ട്രയൽ റൺ പൂർത്തിയാക്കി പദ്ധതി പ്രവർത്തന സജ്ജമായതു മുതൽ 12 വർഷം നിർവഹണ ഏജൻസിയായ Hydraid Water Management System, Tirur എന്ന സ്ഥാപനം സ്വന്തം നിലക്ക് ടി പ്ലാന്റിന്റെ പരിപാലനം ഏറ്റെടുത്ത് നടത്തണം (കരാർ 8). എന്നാൽ ട്രയൽ റൺ പൂർത്തിയാക്കിയിട്ടുള്ളത് എന്നാണെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. പ്ലാന്റിന്റെ പരിപാലനം ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി ഏജൻസിക്ക് കൈമാറിയിട്ടില്ല. 20.10.20 മുതൽ പ്ലാന്റ് പൂർണ്ണ തോതിൽ പ്രവൃത്തിപ്പിച്ച് തുടങ്ങിയിട്ടുണ്ടെന്ന് ശുചിത്വമിഷൻ കോർഡിനേറ്റർ ഗ്രാമ പഞ്ചാത്ത് സെക്രട്ടറിക്കയച്ച കത്തിൽ പറയുന്നുണ്ടെങ്കിലും ട്രയൽ റൺ നടത്തിയതിന്റെ വിവരവും പൂർത്തിയാക്കിയതിന്റെ വിവരവും ട്രയൽ റൺ നടത്തിയത് പ്രകാരം കണ്ടെത്തിയ അപാകതകൾ പരിഹരിച്ചതിന്റെ വിവരവും പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ നിന്നും ലഭ്യമല്ലാത്തതിനാലും അളവ് പുസ്തകപ്രകാരം അവസാനം അളവ് (Soack Pit) എടുത്തിട്ടുള്ളത് 23.4.2022 നാണ് എന്നതിനാലും പ്ലാന്റ് പൂർണ്ണ തോതിൽ പ്രവൃത്തിപ്പിച്ച് തുടങ്ങിയിത് എന്നാണെന്ന് വ്യക്തമല്ല.

4. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ട്രയൽ റൺ വിജയകരമാക്കിയ ശേഷം പ്രവൃത്തിയുടെ മെഷർമെന്റ് പ്രകാരമുള്ള 65% തുക കരാറുകാരന് അനുവദിക്കുകയും പദ്ധതി വിജയകരമായി തുടരുന്ന പക്ഷം പ്രവൃത്തി പൂർത്തീകരിച്ച് 2 വർഷം പൂർത്തിയാകുന്ന മുറക്ക് ബാക്കി തുകയുടെ 50% വും പ്രവൃത്തി പൂർത്തീകരിച്ച് 4 വർഷം പൂർത്തിയാകുന്ന മുറക്ക് ബാക്കി 50% വും കരാറുകാരന് അനുവദിക്കുന്നതാണ്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം പ്രവൃത്തിയുടെ മൂല്യ നിർണ്ണയം 25,78,030 രൂപയാണ്. മേൽ വൗച്ചറുകൾ പ്രകാരം 25,78,030 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ട്രയൽ റൺ പൂർത്തിയാക്കിയതിന്റെ തീയതി വ്യക്തമല്ലാത്തതിനാൽ കരാർ പ്രകാരമാണ് കരാറുകാരന് പേമെന്റ് അനുവദിച്ചത് എന്ന് പറയാൻ കഴിയില്ല.

5. പ്ലാന്റിൽ നിന്നും പുറത്ത് വരുന്ന സംസ്കരിക്കപ്പെട്ട ജലം പരമാവധി പുനരുപയോഗിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സംസ്കരിക്കപ്പെട്ട ജലം കൂടുതൽ കെട്ടിടത്തിന് താഴെയുള്ള സോക്ക് പിറ്റിലേക്ക് ഒഴുക്കിവിടുകയാണ് ചെയ്യുന്നത്. ചെടികളും കാർഷിക വസ്തുക്കളും ഈ വെള്ളം ഉപയോഗപ്പെടുത്തി ഉണ്ടാക്കുന്നതിനുള്ള റെയിൻ ഷെൽട്ടർ പരിശോധിച്ചതിൽ ആയത് ഡ്രൈ ആയി കിടക്കുന്ന അവസ്ഥയിലാണ് കാണപ്പെട്ടത്.

6. പ്ലാന്റിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന ഏജൻസി, പ്രവൃത്തി പരിപാലന കാലയളവിൽ (O & M Period) ഓരോ മാസത്തെ ഇടവേളകളിലും ടി പ്ലാന്റിൽ എത്തുന്ന മലിന ജലത്തിന്റെയും പ്ലാന്റിൽ നിന്നും പുറത്തേക്ക് വരുന്ന സംസ്കരിക്കപ്പെട്ട ജലത്തിന്റെയും BOD,COD,PH,TSS,Fecel Coliform എന്നീ ഘടകങ്ങൾ NABL അക്രഡിറ്റഡ് ലാബിൽ പരിശോധിച്ച് ആയത് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റേർഡിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയത് പാലിച്ചിട്ടില്ല.

7. പ്ലാന്റിൽ ഉണ്ടാകുന്ന സ്ലഡ്ജ് 3 മാസത്തിൽ ഒരിക്കൽ നിർവഹണ ഏജൻസിയുടെ ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതുണ്ട്. സ്ലഡ്ജ് 3 മാസത്തിൽ ഒരിക്കൽ നീക്കം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമല്ല. സ്ലഡ്ജ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് രേഖകളോ രജിസ്റ്ററുകളോ ഫയലിൽ വച്ചിട്ടില്ല.

8.കരാറുകാരന്റെ 10.5.21 ലെ കത്ത് (WTP/20/PNM12 Dtd.10.5.21) പ്രകാരം പ്ലാന്റിന്റെ പ്രവർത്തനത്തിന് സ്ഥിര വൈദ്യുതി ആവശ്യമാണെന്നും പ്ലാന്റിലെ എഫ്ളുവെന്റ് സാധാരണയായി രാവിലെയും വൈകുന്നേരവും എഫ്ളുവെന്റിന്റെ തോത് അനുസരിച്ച് മുകളിലെ പ്ലാന്റിലേക്ക് പമ്പ് ചെയ്യുകയാണ് ചെയ്യേണ്ടത്. സൈറ്റിൽ ഇലക്ട്രിസിറ്റി ഇല്ലാത്ത സാഹചര്യങ്ങളിൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയില്ല. ഇലക്ട്രിസിറ്റി തടസ്സപ്പെട്ട സാഹചര്യങ്ങളിൽ പ്ലാന്റിന്റെ ഡ്രൈനേജ് സംവിധാനം തടസ്സപ്പെടുകയും മലിന ജലം പുറത്തേക്ക് ഒഴുകി പല തവണ പരാതികൾ വന്നിട്ടുള്ളതിനാൽ പ്ലാന്റിന്റെ പ്രവർത്തനത്തിന് സ്ഥിര വൈദ്യുതി ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിത് വരെയായി (ഓഡിറ്റ് തിയതി - 2.8.25) പ്ലാന്റിന്റെ പ്രവർത്തനത്തിന് സ്ഥിര വൈദ്യുതിക്ക് സോളാർ പോലെയുള്ള സംവിധാനങ്ങൾ ലഭ്യമായിട്ടില്ല.

9. കരാർ പ്രകാരം പ്ലാന്റിന്റെ സാങ്കേതിക തകരാറുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ 24 മണിക്കൂറിനകം കരാറുകാരൻ പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പല തവണ പരാതികൾ വന്നിട്ടുള്ളതായി കരാറുകാരൻ തന്നെ അറിയിച്ചിട്ടുണ്ടെങ്കിലും പരാതികൾ രേഖപ്പെടുത്തുന്ന Complaint Register പരിപാലിച്ചിട്ടില്ല. കൂടാതെ പരാതികൾ പരിഹരിക്കപ്പെട്ട വിവരം എവിടെയും രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

10.മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമപരമായ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അംഗീകാരത്തിനും വിധേയമായി മാത്രമേ പ്ലാന്റ് സ്ഥാപിക്കാൻ പാടുള്ളൂ. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മത പത്രം (Consent Letter) ഫയലിൽ ഇല്ല.

11. Operations And Maintenance ന് തുടർ വർഷങ്ങളിൽ പ്രതിമാസം 10,000 രൂപ നിരക്കിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഇതിൻമേൽ കൃത്യമായ മോണിറ്ററിംഗ് ആവശ്യമാണ്. Operations And Maintenance ന്റെ ഭാഗമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ വക്കേണ്ടതുണ്ട്. എന്നാൽ രജിസ്റ്ററുകൾ പരിപാലിക്കുകയോ മോണിറ്ററിംഗ് റിപ്പോർട്ട് വക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/2.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്കുള്ള മറുപടി ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.





## 1-34 കാഴ്ച പരിമിതർക്ക് ലാപ്ടോപ് നൽകൽ-അപാകതകൾ

പ്രൊജക്ട് : കാഴ്ച പരിമിതർക്ക് ലാപ്ടോപ് നൽകൽ (119/25)

അടങ്കൽ :39981 ( പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ്: 24150552043401662171/24.03.25 തുക 39981
നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

മേൽ പദ്ധതിയിലേക്കായി ലെജൻഡറി ഡിസ്ട്രിബ്യൂട്ടേഴ്സ്, മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് ജെമ്മിലൂടെ (ഇൻവോയ്സ് നമ്പർ: (MLP/1000289/21.03.25) വാങ്ങൽ നടത്തിയിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉൽപന്നം | എണ്ണം | തുക | 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുക |
|---|---|---|---|
| ലാപ്ടോപ്പ് | 1 | 33178 | 39150.28 |
| ക്യാരി കെയ്സ് | 1 | 704 | 830.72 |
| ആകെ തുക | | | 39981 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സ.ഉ.(സാധാ)നം. 1237/2020/ത.സ്വ,ഭ.വ തീയ്യതി 23.06.2020 പ്രകാരം കാഴ്ച പരിമിതർക്കുള്ള ലാപ്ടോപ്പിന്റെ മെമ്മറി 8 GB DDR 4 RAM ആയിരിക്കേണ്ടതാണ്. എന്നാൽ ഇൻവോയ്സ് പ്രകാരം അനുവദിച്ചിട്ടുള്ളത് 16 GB യാണ്.

2. വാങ്ങൽ നടത്തിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ( Assistant.Engineer PWD Electronic Wing) സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. സ്ഥാപനവുമായുള്ള കരാറിൽ ലാപ്ടോപ്പിന് 3 വർഷത്തെ വാറണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിവരമൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/01.08.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്കുള്ള വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-35 നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി

പ്രൊജക്ട് : രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(203/25)

അടങ്കൽ :320447 ( ഹെൽത്ത് ഗ്രാന്റ്)

ചെലവ്: വൗച്ചർ നമ്പർ : 22400697/18-12-2024 തുക 112641 /-

22400466/17-10-2024 തുക 108752/-

22400585/29-11-2024 തുക 56379/-

22400583/29-11-2024/ തുക 42675/-

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

1)വൗച്ചർ നമ്പർ 22400697/18-12-2024 പ്രകാരം 2021-22 വർഷം മുതൽ 2023-24 വർഷം വരെയുള്ള എച്ച്.എം.സി ഫണ്ടിൽ നിന്നുള്ള ചുവടെ കൊടുത്ത ചെലവ് തുകകൾ റീകൂപ്പ് ചെയ്യുന്നതിലേക്കായി 112641/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | Rapid Diagnostic,Delhi | RD/16275/11.02.2022 | 3150 |
| 2 | Rapid Diagnostic,Delhi | RD/7674/23.08.2022 | 14400 |
| 3 | Blue Dart Diagnostic | 10.02.2022 | 7187 |
| 4 | Supplyco, Trur | 1002301/22126/19.04.22 | 2086 |
| 5 | ABC Diagnostic | B2C/00560/24.05.2022 | 9792 |
| 6 | ABC Diagnostic | -/04.07.23 | 3198 |

| | | | |
|---|---|---|---|
| 7 | ABC Diagnostic | B2C/01607/01.08.2022 | 3180 |
| 8 | Rapid Diagnostic,Delhi | RD/3454/07.06.2022 | 6300 |
| 9 | ABC Diagnostic | B2C/01608/01.08.2022 | 4379 |
| 10 | Elite Offset Press,Kadungathukund Laboratory Report | 627/02.08.2022 | 4000 |
| 11 | ABC Diagnostic | B2C/02131/12.09.2022 | 7079 |
| 12 | ABC Diagnostic | B2C/02853/03.11.2022 | 4063 |
| 13 | Supplyco, Trur | 1002301/221894/20.08.22 | 4140 |
| 14 | Supplyco, Trur | 1002301/231535/16.09.23 | 7890 |
| 15 | Rapid | RD/8905/13.10.2023 | 18900 |
| 16 | Supplyco, Trur | 1002301/23324/29.04.23 | 9935 |
| 17 | ABC Diagnostic | B2C/01608/01.08.2022 | 4379 |
| ആകെ തുക | | | 114058 |

കുറിപ്പ്: (112641/- രൂപയാണ് അനുവദിച്ചിട്ടുള്ളത്)

മേൽ ചെലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

A. എച്ച്.എം.സി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകൾ വർഷങ്ങൾക്ക് ശേഷം ഹെൽത്ത് ഗ്രാന്റിൽ റീകൂപ്പ് ചെയ്യാനുണ്ടായ കാരണം വ്യക്തമല്ല.

B. മേൽ കൊടുത്ത ഇൻവോയ്സുകളിൽ പണം അനുവദിച്ചതായി രേഖപ്പെടുത്തി ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

C.മേൽ സ്ഥാപനവുമായുള്ള പണം അനുവദിച്ച സമയത്തുള്ള കരാർ പരിശോധനക്ക് സമർപ്പിച്ചിട്ടില്ല.

D.2023-24വർഷത്തിൽ മേൽ സ്ഥാപനവുമായുള്ള കരാറിനേക്കാൾ അധിക നിരക്കിലാണ് തെർമ്മൽ പേപ്പറിന് 2022-23 വർഷത്തിൽ പണം അനുവദിച്ചിട്ടുള്ളത്. ആയത് തന്നെ വ്യത്യസ്ത തുകയാണ് വ്യത്യസ്ത ഇൻവോയ്സുകൾക്ക് അനുവദിച്ചിട്ടുള്ളത്.വിശദ വിവരം ചുവടെ കടുക്കുന്നു.,

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | ഉൽപന്നം | വാങ്ങിയതിന്റെ എണ്ണം, ജി.എസ്.ടിഉൾപ്പെടെയുള്ള തുക | 2023-24 വർഷത്തിൽ ജി.എസ്.ടി ഉൾപ്പെടെ കാട്ട് ചെയ്ത തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ABC Diagnostic, Kottayam | B2C/00560/24.05.2022 | Thermal Paper 57x20mm | 10x59=590 | 48/Roll |
| ABC Diagnostic, Kottayam | B2C/02131/12.09.2022 | Thermal Paper 57x20mm | 10x55.99=559 | 48/Roll |

2. വൗച്ചർ നമ്പർ 22400583/29-11-2024 പ്രകാരം റാപ്പിഡ് ഡയഗ്ണോസ്റ്റിക് എന്ന സ്ഥാപനത്തിന് ലാബ് റിയേജന്റ് വാങ്ങിയതിലേക്കായി 42675/- രൂപ അനുവദിച്ചിട്ടുണ്ട്.ആയതിന് സ്ഥാപനവുമായി കൊട്ടേഷനിലേർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/02.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 നൂതന പദ്ധതി നടത്തിപ്പിൽ അപാകത

പ്രൊജക്റ്റ് : പൊൻകിരണം-ആരോഗ്യ സംരക്ഷണം കൗമാരം മുതൽ വാർദ്ധക്യം വരെ(167/25)

അടങ്കൽ : 299865 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

102575(തനത് ഫണ്ട്)

ആകെ: 299865

ചെലവ്: 102400(തനചത് ഫണ്ട്)

281600 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ആകെ: 384000

വൗച്ചർ നമ്പർ: 22400662/13-12-2024 തുക 102400/-

BRN: 2415055204340089 3515/12.11.24 തുക 153600/-

241505520434015588 79/17.03.25 തുക 76800/-

241505520434009898 29/06.12.24 തുക 51200/-

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2023-24 വർഷത്തിൽ നൂതന പദ്ധതി ആയി അംഗീകാരം ലഭിച്ച ഏക വർഷ പദ്ധതിയാണിത്. സ്പിൽ ഓവർ ആയി തൻ വർഷവും പദ്ധതിയിലേക്ക് മേൽ കൊടുത്തത് പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ നൂതന പദ്ധതി ആയി അംഗീകാരം നേടിയ പദ്ധതിയിലേക്ക് തൻ വർഷം നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മറ്റിയിൽ നിന്നും അംഗീകാരം ലഭ്യമാകാതെ പണം ചെലവഴിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

2.സർക്കാർ ഉത്തരവ് (കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ തിയതി 28.5.22, ഖണ്ഡിക 8.6 പ്രകാരം സർക്കാറിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല എന്നും എന്നാൽ ഏതെങ്കിലും ഒരു നൂതന പ്രോജക്ട് നടപ്പിലാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെങ്കിൽ ഓണറേറിയം തുകയുടെ നിരക്ക് ഉൾപ്പെടെയുള്ളവക്ക് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മറ്റിയിൽ നിന്നും അംഗീകാരം വാങ്ങി പരമാവധി 6 മാസം ഓണറേറിയം വ്യവസ്ഥയിൽ അത്തരം ജീവനക്കാരെ നിയോഗിക്കാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൂതന പദ്ധതിയായി നടപ്പാക്കിവരുന്ന ഈ പദ്ധതിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതൽ 4 ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് നൽകുന്ന വേതന നിരക്ക്, യോഗ്യത എന്നിവ സംബന്ധിച്ച് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മറ്റിയിൽ നിന്നും അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/01.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 ഐ.ഇ.സി ബോർഡുകൾ മുഴുവൻ ലഭ്യമായിട്ടില്ല

പ്രൊജക്ട് : സബ്സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(200/25)

അടങ്കൽ :200000 ( ഹെൽത്ത് ഗ്രാന്റ്)

199960( ഹെൽത്ത് ഗ്രാന്റ്)

ചെലവ്: വൗച്ചർ നമ്പർ : 22400884 /15-02-2025 തുക 20000/-

22401037 /22-03-2025 തുക 99960

22401038/22-03-2025 തുക 45331

22400959/11-03-2025 തുക 18240

22400960/11-03-2025 തുക 10561

22400766/09-01-2025 തുക 5868

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.വൗച്ചർ നമ്പർ 22400884 /15-02-2025 പ്രകാരം കേരള വിഷൻ ബ്രോഡ് ബാന്റ് എന്ന സ്ഥാപനത്തിന് നാല് സബ് സെന്ററുകൾ വൈഫൈ ചെയ്യതിലേക്കായി 2000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ സബ് സെന്ററുകളിലൊന്നും വൈഫൈ ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ നിലവിലില്ല.

2.വൗച്ചർ നമ്പർ 22401037 *22-03-2025 പ്രകാരം മുനീർ എന്ന വ്യക്തിക്ക്* ഐ.ഇ.സി സൈനേജ് ബോർഡുകൾ വിതരണം ചെയ്യതിലേക്കായി യൂണിറ്റിന് 1470 എന്ന നിരക്കില് 68 എണ്ണത്തിന് *99960/-* രൂപ (ഇൻവോയ്സ് നമ്പർ: CM-041/25 തീയ്യതി 14.03.25) അനുവദിച്ചിട്ടുണ്ട്.ജെമ്മിൽ ബിഡ്സ് ചെയ്യതിൽ കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത വ്യക്തിയിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

എന്നാൽ ജെ.എച്ച്.ഐ യുടെ സാന്നിധ്യത്തിൽ പി.എച്ച്.സിയിൽ സ്ഥല പരിശോധന നടത്തിയപ്പോൾ വിവിധ വലുപ്പത്തിലുള്ള 43 സൈൻ ബോർഡുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നതിനാൽ ബോർഡുകൾക്ക് കേട് സംഭവിക്കാൻ സാധ്യത ഉള്ളതിനാലാണ് മുഴുവൻ ബോർഡുകളും ആശുപത്രിയിൽ സൂക്ഷിക്കാതിരിക്കുന്നത് എന്നും ആശുപത്രിയുടെ ഉദ്ഘാടനം നടക്കുന്ന മുറക്ക് മുഴുവൻ സൈൻ ബോർഡുകൾ കാട്ട് ചെയ്ത വ്യക്തി തന്നെ തൽ സ്ഥാനത്ത് ഫിറ്റ് ചെയ്ത് തരുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചു. മുഴുവൻ ഉൽപന്നങ്ങളും ലഭ്യമായി എന്നത് ഉറപ്പ് വരുത്തി വിവരം അറിയിക്കുന്നത് വരെ ലഭ്യമാകാൻ അവശേഷിക്കുന്ന സൈൻ ബോർഡുകളുടെ ചെലവ് തുക 36750/- രൂപ (25x1470) തടസ്സം ചെയ്യുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/02.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 അനുവദിക്കാവുന്ന നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു

പ്രൊജക്റ്റ് : സബ്സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(201/25)

അടങ്കൽ :384000 ( ഹെൽത്ത് ഗ്രാന്റ്)

ചെലവ്:383999( ഹെൽത്ത് ഗ്രാന്റ്)

വൗച്ചർ നമ്പർ : 22400988 /13-03-2025 തുക 30675

22400936/27-02-2025 തുക 31902

22400987/13-03-2025 തുക 159103

22401035/22-03-2025 തുക 42320

22401032/22-03-2025 തുക119999

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. എ.ബി.സി ഡയഗ്ണോസ്റ്റിക് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ B2C/05213/04.02.25 പ്രകാരം 30675/- രൂപ ചെലവഴിച്ച് സബ്സെന്ററുകളിലേക്ക് ആവശ്യമായ ലബ് കിറ്റുകൾ വാങ്ങൽ നടത്തിയിട്ടുണ്ട്.എന്നാൽ അസറ്റിക് ആസിഡ് 50ml, HBSAG- റാപ്പിഡ് ടെസ്റ്റ് എന്നിവ സ്മിയർ എടുത്ത് പരിശോധിക്കേണ്ടതായിട്ടുള്ള കിറ്റാണ് ലഭ്യമായിട്ടുള്ളത്. ആയതിനുള്ള സംവിധാനം സബ്സെന്ററുകളിൽ നിലവിലില്ല. സബ്സെന്ററുകൾക്ക് ലഭ്യമാകേണ്ട മറ്റുള്ള 7 ലാബ് കിറ്റുകൾ ജെ.പി.എച്ച്.എന്നി ന്റേയും എച്ച്.ഐ യുടേയും സ്റ്റോക്കിലുണ്ടെങ്കിലും ആയവയൊന്നും ഉപയോഗിച്ചിട്ടില്ല.

2.വൗച്ചർ നമ്പർ 22401035/22-03-2025 പ്രകാരം ഷൈൻ ഓഫ് സെറ്റ് പ്രിന്റേഴ്സ് വളാഞ്ചേരി എന്ന സ്ഥാപനത്തിന് സൂചന ബോർഡുകൾ വിതരണം ചെയ്തതിന് 42320/- രൂപ അനുവദിച്ചിട്ടുണ്ട്.

ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം എന്ന നിലക്കാണ് മേൽ സ്ഥാപനത്തെ വിതരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

എന്നാൽ ക്വട്ടേഷൻ നോട്ടീസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ ചുവടെ കൊടുക്കും പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

A. (Out Side) 8x2.5 Feet GI Frame And GI Sheet/One Board With Fixing At Sight

With Concrete Stand 14900x3= 44700

B. Inside Board 5x3 Size 1 Nos Vinyl Printing 3800/Only Ponmudam

എച്ച്.ഐ യുടെ സാന്നിദ്ധ്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലുള്ള ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പരിശോധന നടത്തിയപ്പോൾ ഔട്ട്സൈസ് ബോർഡും ഇൻ സൈഡ് ബോർഡും തൊട്ടടുത്തായി പതിച്ച് വെച്ചതായി കണ്ടു. രണ്ട് ബോർഡുകളും തൊട്ടടുത്ത് പതിച്ച് വെച്ചതിന്റെ ആവശ്യകത വ്യക്തമല്ല. കൂടാതെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സൂചന ബോർഡും തൊട്ടടുത്തായി തന്നെ ഉണ്ട്.

ചോലപ്പുറം ആരോഗ്യകേന്ദ്രത്തിൽ ജി.ഐ പൈപ്പ് സ്റ്റാന്റ് വെക്കാൻ സ്ഥലമില്ലാത്തതിനാൽ ആയതിനുള്ള ചെലവ് തുക 6180/- രൂപ ക്വട്ടേഷൻ തുകയിൽ നിന്ന് കുറച്ച് 42320/- രൂപ അനുവദിച്ചതായി മെഡിക്കൽ ഓഫീസർ ഫയലിൽ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ തുക നിശ്ചയപ്പെടുത്തിയത് എങ്ങിനെയെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/02.08.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

പൊന്മുണ്ടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റ് എൻകവയറി നമ്പർ 3/25.07.2025ന് മറുപടിയായി ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 20 | 1,04,000 | 1,04,000 | 0 | - |

*01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല.
3) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.
4) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 11/2024 | 1,500 | 1,500 | 0 | 13.01.2025 തീയ്യതിയിൽ വിടുതൽ ചെയ്തു. |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 2024-25 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | 60000 | ലൈഫ് ജനറൽ 1/25 | 60000 | 0 |
| | 525000 | ലൈഫ്ഭവന നിർമ്മാണം(പട്ടിക ജാതി)-129/25 | 525000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 54000 | വീട് വാസ യോഗ്യമാക്കൽ(ജനറൽ)-160/25 | 54000 | 0 |
| | 74101 | പരിരക്ഷ ഹോം കെയർ-101/25 | 74101 | 0 |
| | 457040 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 82/25 | 457040 | 0 |
| | 250052 | ചോലക്കാട്ടിൽ മുഹമ്മദ് എന്ന മാനുഹാജി സ്മാരക അങ്കണവാടി സെന്റർ നമ്പർ 60 കെട്ടിട നിർമ്മാണം 138/25 | 250052 | 0 |
| | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 12/25 | 50000 | 0 |
| ആകെ | 1470193 | | 1470193 | |
| ജില്ലാ പഞ്ചായത്ത് | 191300 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 82/25 | 191300 | 0 |
| ആകെ | 191300 | | 191300 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(35/25) | | 1307042 | 1307042 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 0 |
| അനേർട്ട് | പഞ്ചായത്ത് ഓഫീസിൽ | | 954800 | 954800 | വിനിയോഗ സാക്ഷ്യപത്രം | 0 |

| | | | | | | |
|---|---|---|---|---|---|---|
| | സോളാർ പാനൽ സ്ഥാപിക്കൽ(217/25) | | | ലഭ്യമാക്കിയിട്ടില്ല. | | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | | ഇല്ല | 4184920 | -153447 | 571939 | | 3459534 |

## 4-7 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14000000 |

### വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| പൊന്മുണ്ടം സർവ്വീസ് സഹകരണ ബാങ്ക് | 3500000 | 0020150000011 തീ. 11.04.2024 |
| പൊന്മുണ്ടം സർവ്വീസ് സഹകരണ ബാങ്ക് | 5000000 | 0020150000012 തീ. 14.10.2024 |

| | | |
|---|---|---|
| പൊന്മുണ്ടം സർവ്വീസ് സഹകരണ ബാങ്ക് | 3000000 | 0020150000014 തീ. 14.10.2024 |
| പൊന്മുണ്ടം സർവ്വീസ് സഹകരണ ബാങ്ക് | 2500000 | 0020150000013 തീ. 14.10.2024 |

## 4-8 ഓഡിറ്റ് റിക്കവറി

NIL

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2002-03 | 35 | ഇരട്ടിപ്പിലാവ് മണ്ണാരക്കൽ ശിവക്ഷേത്രം റോഡ് | തീർപ്പാക്കിയിട്ടില്ല |
| | | | 37 | പെരുമണ്ണ വില്ലേജ് ഓഫീസ് - കുന്നത്തിയാൽ റോഡ് ടാറിംഗ് - മണ്ണിട്ട് നികത്തൽ അധിക നിരക്ക്-25099 | തീർപ്പാക്കിയിട്ടില്ല |
| 2013-14 | | 2014-15 | 3(1) | നിഷ്ക്രിയാസ്തികൾ - അവലോകനം | തീർപ്പാക്കിയിട്ടില്ല |
| 2015-16 | | 2016-17 | 2(1) | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60279106 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45404162 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4707430 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 451880 | ശ്രീമതി. ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-21 | 13,07,042 | ശ്രീമതി. ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-22 | 9,89,800 | ശ്രീമതി. ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-23 | 9,54,800 | ശ്രീമതി.ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-24 | 4,52,176 | ശ്രീമതി.ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-25 | 25,000 | ശ്രീമതി.ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-26 | 30,000 | ശ്രീമതി.ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-27 | 2,56,703 | ശ്രീമതി.ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-28 | 2,03,279 | ശ്രീമതി.ബിസിലി ബിന്ദു. ടി.എസ്., സെക്രട്ടറി |
| 1-37 | 36,750 | ഡോ. അൻവർ പരവേങ്ങൽ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| ആകെ | 47,07,430 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം**

**മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 1999-00 | കെ.എസ്.എ.എം.പി.എം.14/2025(2)/22 തീ: 29.09.2022 | 9 | |
| 2 | 2000-01 (ചെലവ്) | കെ.എസ്.എ.എം.പി.എം.14/2025(3)/22 തീ: 29.09.2022 | 1 | |
| 3 | 2001-02 (ചെലവ്) | കെ.എസ്.എഎം.പി.എം.28/1351/19, തീ: 15.10.2019 | 1 | |
| 4 | 2002-03 | കെ.എസ്.എഎം.പി.എം.28/1351/19, തീ: 15.10.2019 | 1 | |
| 5 | 2003-04 | കെ.എസ്.എഎം.പി.എം.28/1351/19, തീ: 15.10.2019 | 1 | |
| 6 | 2008-09 | കെ.എസ്.എഎം.പി.എം.14/2025(5)/22 തീ: 19.09.2022 | 3 | |

| | | | | |
|---|---|---|---|---|
| 7 | 2009-10 | എൽ.എഫ്.എം.3/1445/2010, തീ:15.11.2010 | 2 | |
| 8 | 2010-11 | കെ.എസ്.എ.എം.പി.എം.14/2025(6) തീ: 29.09.2022 | 2 | |
| 9 | 2013-14 | എൽ.എഫ്.എം.24/226/2015, തീ: 30.10.2015 | 3 | |
| 10 | 2014-15 | കെ.എസ്.എ.എം.പി.എം.28/1585/2016, തീ: 24.11.2016 | 2 | |
| 11 | 2015-16 | കെ.എസ്.എ.എം.പി.എം.28/2397/2016, തീ: 29.03.2017 | 2 | |
| 12 | 2016-17 | കെ.എസ്.എ.എം.പി.എം.28/1412/2017, തി : 21.07.2018 | 6 | |
| 13 | 2017-18 | കെ.എസ്.എ.എം.പി.എം.28/2982/2018, തീ: 26.07.2019 | 18 | |
| 14 | 2018-19 | കെ.എസ്.എ.എം.പി.എം.28/414/2020, തീ: 24.08.2020 | 12 | |
| 15 | 2019-20 | കെ.എസ്.എ.എം.പി.എം.5/246/2022, തീ: 11.04.2022 | 13 | |
| 16 | 2020-21 | കെ.എസ്.എ.എം.പി.എം.5/247/2022, തീ: 11.04.2022 | 23 | |
| 17 | 2021-22 | കെ.എസ്.എ.എം.പി.എം.14/3108/2022, തീ: 17.04.2023 | 23 | |

| | | | |
|---|---|---|---|
| 18 | 2021-22 | കെ.എസ്.എ.എം.പി.എം.14/3108/2022, തീ: 17.04.2023 | 21 |
| 19 | 2022-23 | കെ.എസ്.എ.എം.പി.എം.14/2029/2023, തീ: 06.10.2023 | 27 |
| 20 | 2022-23 | കെ.എസ്.എ.എം.പി.എം.14/2029/2023, തീ: 05.01.2024 | 30 |
| 20 | 2023-24 | കെ.എസ്.എ.എം.പി.എം.14/1652/2024, തീ: 04.01.2025 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 13-06-2025 and submitted on 17-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ponmundam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ponmundam Grama Panchayat as on 31-03-2025

**Date: 07/10/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Ponmundam Grama Panchayat for the Year 2024-2025.**

## 1.Major Observations

NIL

## 2.Other Observations

1.The bank account started for the health grant (A/c NO:4356000100137323) is not included in the RP 40(a)& RP 40(b) of the A.F.S
2.As per the bank book an amount of Rs.565/- on 22.05.2023 and Rs. 313/- on 08.11.2023 have deposited in to the bank account SBI E-pay (A/C NO: 67378063768), but that amount is not credited in the bank yet.
3.An amount of 621/- on 23.11.2022 and 240 on 04.12.2022 have debited from the bank account SBI E-pay (A/C NO: 67378063768), buth that is not adjusted to bank book.
4. As per RP-35 the FACTEOUS liscence register the amount book adjusted in the present year is Rs.60050/-. But as per the RP-35 of the previous year it is Rs.61550/-
5.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a.Ratios
b.Notes on accounts
c. Comparative amounts of previous year.
6.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്